# ഹരിശ്രീ കുറിക്കാൻ ഇനി വിദേശപണം

പള്ളിക്കൂടത്തിലേക്ക് ഹരിശ്രീ കുറിക്കാൻ സഹായിക്കാൻ വിദേശിയെ തേടുകയാണ് നമ്മുടെ കേന്ദ്രസർക്കാർ. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നൂറുശതമാനവും വിദേശനിക്ഷേപം അനുവദിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാൻ കേന്ദ്രമാനവവിഭവശേഷി വകുപ്പ് ഒരു ഉപസമിതിയെ നിയോഗിച്ചിരിക്കുന്നു. 2400ൽ പരം സംഘടനകൾ അംഗങ്ങളായുള്ള എൻ. എ. എഫ്. ആർ. ഇ(വിദ്യാഭ്യാസം മൗലികാവകാശമാക്കുന്നതിനു വേണ്ടിയുള്ള ദേശീയസഖ്യം) ഇതിനെതിരെ ശക്തമായ പ്രക്ഷോഭത്തിനൊരുങ്ങിക്കഴിഞ്ഞു. കോത്താരി കമ്മീഷന്റേയും 1968, 86, 92 എന്നീ വർഷങ്ങളിൽ പാർലമെന്റ് അംഗീകരിച്ചതുമായ ദേശീയ വിദ്യാഭ്യാസ നയങ്ങളുടേയും അടിത്തറയാണ് കേന്ദ്ര തീരുമാനം മൂലം തകർക്കപ്പെടുന്നത്. പ്രാഥമിക വിദ്യാഭ്യാസം ഇനി ചിലവേറിയതാകും എന്നതാണ് ഈ തീരുമാനത്തിന്റെ അനന്തരഫലം. ഒറീസ്സയിലെ ഒരു തൊഴിലാളിയുടെ ഒരു മാസത്തെ ശമ്പളം വേണം അയാളുടെ ഒരു കുട്ടിയുടെ പ്രതിമാസ സ്കൂൾഫീസ് നൽകാൻ. എട്ടു ലക്ഷത്തോളം ഗ്രാമങ്ങളിലെ ദരിദ്ര വിദ്യാർത്ഥികൾ ഒരിക്കലും വിദ്യാലയത്തിൽ പോകാൻ കഴിയാത്തവരാകുന്ന അവസ്ഥയാണ് ഇതു മൂലം സംജാതമാകുക.

ഗ്രാമപ്രദേശങ്ങളിൽക്കൂടി വിദ്യാലയങ്ങൾ തുടങ്ങാൻ തയ്യാറാകുന്ന ബഹുരാഷ്ട്ര സ്ഥാപനങ്ങളെ മാത്രമേ മൂലധനം മുടക്കാൻ അനുവദിക്കൂ എന്നാണ് വകുപ്പധികാരികൾ പറയുന്നത്. ലാഭാധിഷ്ഠിതമായി മാത്രം പ്രവർത്തിക്കുന്ന വിദേശമൂലധനത്തിനു മേൽ ഇത്തരം ഒരു നിയന്ത്രണമേർപ്പെടുത്താൻ സർക്കാരുകൾക്ക് കഴിയുമോ? ലോകത്തൊരിടത്തും പ്രാഥമിക വിദ്യാഭ്യാസം സ്വകാര്യമേഖലയെ ഏൽപ്പിച്ചുകൊടുത്തിട്ടില്ല. സ്വകാര്യവൽക്കരണത്തേയും വിദേശമൂലധനത്തേയും പിന്താങ്ങുന്നവർ പോലും ഈ രംഗത്ത് സ്വകാര്യ-വിദേശമൂലധനം വരുന്നതിനെ അനുകൂലിക്കുന്നില്ല. 'ലാഭാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതല്ല, വിദ്യാഭ്യാസം' എന്ന് അവർ ഉറപ്പിച്ചു പറയുന്നു.